**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **12-12-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് വിപണനത്തിനെതിരെ നിയമ വ്യവസ്ഥകൾ കർശനമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ വില്പന തടയുന്നതിന് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ വില്പന തടയുന്നതിന് ശക്തമായ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗവും, വില്പനയും തടയുന്നതിന് ഫീൽഡുതലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ചെക്ക്പോസ്റ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, മേജർ കേസുകൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ച് എക്സൈസ് യൂണിറ്റുകൾ, സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള കമ്മീഷണർ സ്ക്വാഡ് എന്നിവ സ്വന്തം നിലയിലും, മറ്റ് വകുപ്പുകളുമായി ചേർന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു.<br><br>ലഹരി കടത്തും വിൽപ്പനയും ഉപയോഗവും കർശനമായി തടയാൻ എൻഫോഴ്സ്മെന്റ് നടപടികൾക്കൊപ്പം ജനകീയ പങ്കാളിത്തത്തോടെ മയക്കുമരുന്ന് വ്യാപനത്തിനെതിരെ സാമൂഹ്യ പ്രതിരോധം തീർക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥി/യുവജനസംഘടകൾ, സർവ്വീസ് സംഘടനകൾ, വ്യാപാരിവ്യവസായി സംഘടനകൾ, വിവിധ ജാതി, മത, സാമൂഹിക, സാംസ്കാരിക, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, എന്നിങ്ങനെ വിവിധ വിഭാഗങ്ങളുമായി സഹകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | | | ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രചാരണ പരിപാടിയിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തത്തെ തുടർന്ന് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | മയക്കുമരുന്ന് വിപണനത്തിനെതിരെ നടപ്പാക്കുന്ന നിയമ വ്യവസ്ഥകൾ കൂടുതൽ കർശനമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | മയക്കുമരുന്നുകൾ സംബന്ധമായ കുറ്റകൃത്യങ്ങൾക്ക് എതിരെ എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരം കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുറ്റകൃത്യങ്ങൾ തരംതിരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്നതിന് സഹായകരമാകുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എൻ.ഡി.പി.എസ്. ആക്റ്റിലെ ഷെഡ്യൂൾ ഭേദഗതി ചെയ്ത് സ്മോൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി സ്ലാബുകളിൽ കുറവു വരുത്തുന്നതിന് കേന്ദ്രസർക്കാരിന് ശുപാർശ നൽകിയിട്ടുണ്ട്.<br><br>മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കെതിരെ എൻ.ഡി.പി.എസ് നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. എൻ.ഡി.പി.എസ് നിയമത്തിലെ ഏതെങ്കിലും വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടുന്നയാൾ ഓരോതവണ കുറ്റം ആവർത്തിക്കുമ്പോഴും നിയമത്തിൽ പരാമർശിക്കുന്ന പരമാവധി ശിക്ഷയുടെ ഒന്നര ഇരട്ടി ശിക്ഷ വിധിക്കുന്നതിന് എൻ.ഡി.പി.എസ് സെക്ഷൻ 31 പ്രകാരവും, വ്യാവസായിക അളവിലുള്ള മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കേസിൽ ശിക്ഷിക്കപ്പെടുന്നവർ പിന്നീട് മേൽ നിയമത്തിൽ പരാമർശിച്ചിട്ടുള്ള അളവോ അതിൽ കൂടുതലോ മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസിൽ ഉൾപ്പെട്ടാൽ വധശിക്ഷ വിധിക്കുന്നതിന് സെക്ഷൻ 31 (A) പ്രകാരവും വ്യവസ്ഥയുണ്ട്. മേൽ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, മയക്കുമരുന്ന് കേസിൽ ഉൾപ്പെട്ട സ്ഥിരം കുറ്റവാളികളെ നിരന്തരം നിരീക്ഷിക്കുകയും അവർക്കെതിരെ PITS NDPS Act പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നുണ്ട്. എൻ.ഡി.പി.എസ് കുറ്റവാളികളുടെ ഡേറ്റാഷീറ്റ് തയ്യാറാക്കി കുറ്റം ആവർത്തിക്കുന്നവർക്ക് അധിക ശിക്ഷ നൽകുന്നതിനും നേരിട്ടോ അല്ലാതെയോ ലഹരി കച്ചവടം നടത്തുന്നവരെയും ലഹരിയുമായി അടുത്ത ബന്ധമുള്ളവരെയും കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. മയക്കുമരുന്ന് കേസുകളിൽ ശിക്ഷിക്കപ്പെടുന്ന |

| | | | |
|---|---|---|---|
| | | | കുറ്റവാളികൾ സെക്ഷൻ 34 പ്രകാരം ബോണ്ട് വയ്ക്കുന്നു എന്ന് ഉറപ്പാക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | ലഹരി ഉപയോഗം തടയുന്നതിന് ജനകീയ സമിതികൾ, വാർഡ്തല സമിതികൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ലഹരി ഉപയോഗം തടയുന്നതിന് ജനകീയ സമിതികൾ, വാർഡ്തല സമിതികൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജാതി, മത, സാമൂഹിക, സാംസ്കാരിക സംഘടനാ പ്രതിനിധികൾ, പ്രാദേശിക കൂട്ടായ്മകൾ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, ഗ്രന്ഥശാല, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയിലെ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും അവയുടെ വാർഡ് തലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ